**പതിനാലാം കേരള നിയമസഭ**
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5925 — 19.11.2019-ലെ മറുപടിയ്ക്ക്

**ഫുട്ബോൾ കായികതാരങ്ങൾക്ക് പരിശീലനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| ജനകീയ കായിക ഇനമായ ഫുട്ബോളിന്റെ വളർച്ചയ്ക്കും കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ? | നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. ഒരു സെന്ററിൽ 25 കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമാണ് പരിശീലനം നൽകുന്നത്. ഫുട്ബോൾ പരിശീലന രംഗത്ത് 10 വർഷത്തിലധികം പരിചയമുള്ള സെപ്റ്റ് എന്ന സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടി 14 സെന്ററുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. തെരഞ്ഞെടുത്ത പരിശീലന കേന്ദ്രങ്ങളുടെ പട്ടിക **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>കൂടാതെ കേരളത്തിൽ ഫുട്ബോളിന്റെ വളർച്ചയ്ക്കും കായിക പരിശീലനം നല്കുന്നതിനുമായി താഴെ പറയുന്ന ഫുട്ബോൾ സ്റ്റേഡിയങ്ങളുടെ നിർമാണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട് .<br>1) പാലക്കാട് കോട്ടായി ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ സെവൻസ് ഫുട്ബോൾ സ്വാഭാവിക പുൽത്തകിടിയുടെ നിർമാണം<br>2) പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിൽ സെവൻസ് ഫുട്ബോൾ സിന്തറ്റിക് കോർട്ടിന്റെ നിർമാണം |

| | |
|---|---|
| | 3) തൃശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്-ൽ ഫിഫ നിലവാരത്തിലുള്ള സ്വാഭാവിക പുൽത്തകിടിയുടെ നിർമാണം<br>4) തൃശൂർ വേലൂർ ആർ .എസ് .ആർ .വി .എച്ച്. എസ്.എസ് ഗ്രൗണ്ടിൽ മഡ് ഫുട്ബോൾ കോർട്ടിന്റെ നിർമാണം<br>5) തിരുവനന്തപുരം മൈലം ജി.വി.രാജ സ്പോർട്സ് സ്കൂളിലെ സിന്തറ്റിക് കോർട്ടിന്റെ നിർമാണം<br>6) തിരുവനന്തപുരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഫിഫ നിലവാരത്തിലുള്ള സ്വാഭാവിക പുൽത്തകിടിയുടെ നിർമാണം. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## കിക്കോഫ് കേന്ദ്രങ്ങൾ

| ക്ര.നം | ജില്ല | കേന്ദ്രം |
|---|---|---|
| 1 | കാസർഗോഡ് | ജി.എഫ്.എച്ച്.എസ്.എസ്, പടന്നക്കടപ്പുറം |
| 2 | കണ്ണൂർ | ജി.എച്ച്.എസ്.എസ്, കൂടാളി |
| 3 | കണ്ണൂർ | കെ.പി.ആർ.ജി.എസ് ജി.എച്ച്.എസ്.എസ്, കല്യാശ്ശേരി |
| 4 | കണ്ണൂർ | ജി.എച്ച്.എസ്.എസ്, ചിറ്റാരിപ്പറമ്പ് |
| 5 | വയനാട് | ജി.എച്ച്.എസ്.എസ്, പനമരം |
| 6 | കോഴിക്കോട് | ജി.എച്ച്.എസ്.എസ്, പായമ്പ്ര |
| 7 | മലപ്പുറം | രാജാസ് ജി.എച്ച്.എസ്.എസ്, കോട്ടക്കൽ |
| 8 | പാലക്കാട് | ജി.എച്ച്.എസ്.എസ്, കാരാക്കുറിശ്ശി |
| 9 | പാലക്കാട് | ജി.എച്ച്.എസ്.എസ്, പട്ടാമ്പി |
| 10 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, എരുമപ്പെട്ടി |
| 11 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, മണത്തല |
| 12 | എറണാകുളം | ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴ |
| 13 | ഇടുക്കി | ട്രൈബൽ ജി.എച്ച്.എസ്.എസ്, കട്ടപ്പന |
| 14 | കോട്ടയം | ജി.ബി.എച്ച്.എസ്.എസ്, വൈക്കം |
| 15 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, കലവൂർ |
| 16 | പത്തനംതിട്ട | കെ.എൻ.എം ജി.എച്ച്.എസ്.എസ്, കവിയൂർ |
| 17 | കൊല്ലം | ജി.എച്ച്.എസ്.എസ്, ശങ്കരമംഗലം |
| 18 | തിരുവനന്തപുരം | ജി.വി.എച്ച്.എസ്.എസ്, കുളത്തൂർ |
| 19 | കണ്ണൂർ | ജി.ജി.എച്ച്.എസ്.എസ്, പയ്യന്നൂർ (ഗേൾസ്) |

| കിക്കോഫ് (ഗേൾസ്) പരിശീലന കേന്ദ്രങ്ങൾ 2019-20 | | |
|---|---|---|
| 20 | കാസർഗോഡ് | ജി.എച്ച്.എസ്.എസ്, ബല്ല ഈസ്റ്റ്, കാഞ്ഞങ്ങാട് |
| 21 | കണ്ണൂർ | എ.കെ.ജി ജി.എച്ച്.എസ്.എസ്, പെരളശ്ശേരി |
| 22 | കോഴിക്കോട് | ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി |
| 23 | കോഴിക്കോട് | ആർ.ഇ.സി ജി.വി.എച്ച്.എസ്.എസ്, ചാത്തമംഗലം |
| 24 | മലപ്പുറം | മാനവേദൻ ജി.വി.എച്ച്.എസ്.എസ്, നിലമ്പൂർ |
| 25 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, കൊടകര |
| 26 | തൃശ്ശൂർ | അളകപ്പനഗർ ജി.പി.എച്ച്.എസ്.എസ്, ആമ്പല്ലൂർ |
| 27 | എറണാകുളം | എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചി |
| 28 | ഇടുക്കി | ജി.വി.എച്ച്.എസ്.എസ്, കുമളി |
| 29 | കോട്ടയം | ജി.എച്ച്.എസ്, കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി |
| 30 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, തിരുന്നല്ലൂർ |
| 31 | പത്തനംതിട്ട | ജി.എച്ച്.എസ്.എസ്, കൊയിപ്രം |
| 32 | കൊല്ലം | ജി.എം.എച്ച്.എസ്.എസ്, വെട്ടിക്കവല, പത്തനാപുരം |
| 33 | തിരുവനന്തപുരം | ജി.ജി.എച്ച്.എസ്.എസ്, മലയൻകീഴ് |